**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 585 01.12.2015- ൽ മറുപടിക്ക്**

**"സംരംഭകത്വ വികസന പരിപാടി"**

**ചോദ്യം** | **ഉത്തരം**

**ശ്രീ. സി.മമ്മൂട്ടി**
**ശ്രീ. പി.കെ.ബഷീർ**
**ശ്രീ. പി.ഉബൈദുള്ള**
**ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് നടപ്പാക്കിയ സംരംഭകത്വ വികസന പരിപാടിയുടെ വിശദവിവരം വെളിപ്പെടുത്തുമോ; | എ) | സംസ്ഥാനത്ത് നടപ്പാക്കിയ സംരംഭകത്വ വികസന പരിപാടിയുടെ ഭാഗമായി ജില്ലകളിൽ ഓരോ വർഷവും എല്ലാ ബ്ലോക്ക്, മുനിസിപ്പാലിറ്റി, താലൂക്കുകളിലുമായി വിവിധ സംരംഭകത്വ ബോധവത്കരണ പരിപാടികളും സംരംഭകത്വ വികസന പരിപാടികളും സെമിനാറുകളും ടെക്നോളജി ക്ലിനിക്കുകളും, നിക്ഷേപ സംഗമങ്ങളും നടത്തിവരുന്നു. |
| ബി) | പ്രസ്തുത പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തിൽ തുടരുവാൻ തീരുമാനിച്ചിട്ടുണ്ടോ; | ബി) | ഈ സാമ്പത്തിക വർഷത്തിലും (2015-16) സംരംഭകത്വ വികസന പരിപാടി നടത്തുന്നുണ്ട്. |
| സി) | പ്രസ്തുത പദ്ധതി മൂലം കൈവരിക്കാനായ നേട്ടം വിശദമാക്കുമോ? | | 2013-14 സാമ്പത്തിക വർഷത്തിൽ 2314 സംരംഭകരെ കണ്ടെത്തുകയും ആയതിൽ 759 പേർ യൂണിറ്റ് ആരംഭിക്കുകയും 100.015 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുകയും ആയതുവഴി 16325 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 2270 നിക്ഷേപകരെ കണ്ടെത്തുകയും ആയതിൽ 802 പേർ യൂണിറ്റ് ആരംഭിക്കുകയും 101.789 കോടി രൂപയുടെ നിക്ഷേപമുണ്ടാവുകയും ആയതുവഴി 10759 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**